Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

ധനകാര്യവകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-അന്താരാഷ്ട്രതലത്തിൽ ഉയർന്ന ശ്രേണിയിൽ പ്രവർത്തിക്കുന്ന സ്ട്രൈപ്പ് (stripe), പേപാൾ (PayPal) എന്നീ പേമെന്റ് ഗേറ്റ് വേകളെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഡൊണേഷൻ പോർട്ടലുമായി സമന്വയിപ്പിക്കുന്നത് -അനുമതി നൽകി- ഉത്തരവ്-പുറപ്പെടുവിക്കുന്നു.

==========================================================================

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി.ഒ (ആർ.ടി) നം.8790/2018/ധന തിരുവനന്തപുരം, തീയതി,26.10.2018

==========================================================================

പരാമർശം:-

1. 10.08.2018 ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന
2. സി-ഡിറ്റിന്റെ 09.10.2018 ലെ CDIT/SID.CMDRF/2018/01 നമ്പർ കത്ത്

## ഉത്തരവ്

കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സമാനതകൾ ഇല്ലാത്ത ദുരന്തം ഉണ്ടായതിനെത്തുടർന്ന് ദുരന്തബാധിതരെ സഹായിക്കുന്നതിനും നവകേരളം കെട്ടിപ്പടുക്കുന്നതിനുമായി പൊതുജനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന സ്വരൂപിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെത്തുടർന്ന് കൂടുതൽ സൗകര്യപ്രദമായ നൂതനസംവിധാനങ്ങൾ ആവിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അന്താരാഷ്ട്ര തലത്തിലുള്ള സംഭാവനകൾ ത്വരിതപ്പെടുത്തുന്നതിനും വിദേശികൾക്കും വിദേശഇന്ത്യക്കാർക്കും വിശ്വസ്തമായ അന്താരാഷ്ട്രതലത്തിൽ ഉയർന്ന ശ്രേണിയിൽ പ്രവർത്തിക്കുന്ന സ്ട്രൈപ്പ്(stripe), പേപാൾ (PayPal) എന്നീ പേമെന്റ് ഗേറ്റ് വേകളെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഡൊണേഷൻ പോർട്ടലുമായി സമന്വയിപ്പിക്കുന്നതിനായി അംഗീകാരം നൽകണമെന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ സോഫ്റ്റ് വെയർ

രൂപകൽപ്പന ചെയ്ത് പ്രവർത്തിപ്പിക്കുന്ന സി-ഡിറ്റ് പരാമർശം 2 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അന്താരാഷ്ട്രതലത്തിലുള്ള സംഭാവനകൾ ത്വരിതപ്പെടുത്തുന്നതിനും വിദേശികൾക്കും വിദേശഇന്ത്യക്കാർക്കും വിശ്വസ്തമായ അന്താരാഷ്ട്രതലത്തിൽ ഉയർന്ന ശ്രേണിയിൽ പ്രവർത്തിക്കുന്ന സ്ട്രൈപ്പ് (stripe); പേപാൾ (Paypal) എന്നീ അന്താരാഷ്ട്ര പേമെന്റ് ഗേറ്റ് വേകളെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഡൊണേഷൻ പോർട്ടലുമായി സമന്വയിപ്പിക്കുന്നതിന് സി-ഡിറ്റിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ധനകാര്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
6. രജിസ്ട്രാർ, സി-ഡിറ്റ്, തിരുവനന്തപുരം
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. റവന്യൂ (ഡി ആർ എഫ്) വകുപ്പ്
9. ദുരന്തനിവാരണ വകുപ്പ്
10. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ